LIBRARY ARCHIVES Kerala Legislative Assembly

വകപ്പുകൾക്ക് പദ്ധതിയിനത്തിൽ അനുവദിച്ച തുക

50 (1521) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്ക് പദ്ധതിയിനത്തിൽ അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വകുപ്പുകൾ ഏതെല്ലാം പദ്ധതിക്കുവേണ്ടിയാണ് തുക വിനിയോഗിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പദ്ധതിച്ചെലവ് ആസൂത്രണവകുപ്പ് അവലോകനം നടത്താറുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) 2015-16 സാമ്പത്തികവർഷം വിവിധ വകുപ്പുകൾക്ക് പദ്ധതിയിനത്തിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം അനുബന്ധം (എ)* ആയി നൽകുന്നു.

(ബി) അനുബന്ധം (ബി) ആയി നൽകുന്നു.*

(സി) പദ്ധതിച്ചെലവ് എല്ലാ മാസവും ചീഫ് സെക്രട്ടറി വിളിച്ചുചേർക്കുന്ന സെക്രട്ടറിമാരുടെ യോഗത്തിൽ അവലോകനം നടത്താറുണ്ട്. 21-11-2015-ൽ നടത്തിയ അവലോകനപ്രകാരം പദ്ധതിയിനത്തിൽ 2015-16-ൽ വകയിരുത്തിയ 20,000 കോടി രൂപയിൽ (31-10-2015-വരെയുള്ള താൽക്കാലിക കണക്കുപ്രകാരം) 6254.06 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

2015-16-ലെ പദ്ധതി അടങ്കൽ തുക

51 (1522) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും അംഗീകരിച്ച പദ്ധതി അടങ്കൽ തുക എത്ര ; ഇവയ്ക്ക് കേന്ദ്ര ആസൂത്രണ കമ്മീഷന്റെ അനുമതി ലഭിച്ചുവോ ; വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഓരോ വർഷവും ഓരോ വകുപ്പും ചെലവാക്കിയ തുക, ലാപ്സായ തുക, വകമാറ്റി ചെലവാക്കിയ തുക എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 2015-16 വർഷത്തെ പദ്ധതി അടങ്കലിൽ മാലിന്യസംസ്കരണം, ഭ്രൂഹിതരില്ലാത്ത കേരളം, ജലനിധി , ശുചിത്വ കേരളം , പകർച്ച വ്യാധി തടയൽ, മഴക്കാല പരിസര ശുചീകരണം എന്നിവയ്ക്കായി നിശ്ചയിച്ച പദ്ധതി വിഹിതം, നാളിതുവരെ ചെലവാക്കിയ തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ഡി) 2015-16 സാമ്പത്തിക വർഷം കേന്ദ്ര സഹായം ലഭിക്കാനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2011-12 മുതൽ 2015-16 വരെ വകയിരുത്തിയ പദ്ധതിവിഹിതം ചുവടെ ചേർക്കുന്നു:

വർഷം	തുക (കോടിയിൽ)
2011-12	12010
2012-13	14010
2013-14	17000
2014-15	20000
2015-16	20000

ആസൂത്രണ കമ്മീഷൻ നിലവിലുണ്ടായിരുന്ന വർഷം വരെ അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) 2011-12 മുതൽ ഓരോ വർഷവും ചെലവഴിച്ച തുക സംബന്ധിച്ച വിവരം അനുബന്ധമായി നൽകുന്നു.*

ലാപ്സായ തുക, വകമാറ്റി ചെലവാക്കിയ തുക എന്നിവ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി)

ഇനം	വകയിരുത്തിയത്	ചെലവഴിച്ചത് (കോടിയിൽ)
മാലിന്യ സംസ്കരണം	24.98	3
ഭ്രൂഹിതരില്ലാത്ത കേരളം	6	1.36
ജലനിധി	264.42	143.47
ശുചിത്വ കേരളം	26	4.24
പകർച്ചവ്യാധി തടയൽ	6	5.98

(ഡി) വിവരം ശേഖരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly